പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2026** | **16.02.2016-ൽ** മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർ സെക്ഷൻ**

| ചോദ്യം<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കമ്പ്യൂട്ടർ സെക്ഷനിലേയ്ക്ക് സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നായിരുന്നു; നിശ്ചയിച്ച യോഗ്യത എന്തായിരുന്നു; | (എ) | കമ്പ്യൂട്ടർ വിഭാഗം പുനഃസംഘടിപ്പിക്കുന്നതിലേയ്ക്ക് താൽക്കാലികമായി ജീവനക്കാരിൽ നിന്നും 07.05.2013-ൽ ആണ് അവസാനമായി അപേക്ഷ ക്ഷണിച്ചത്.<br>PGDCA / 3 വർഷ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്ലോമ / തത്തുല്യ യോഗ്യത ആണ് നിശ്ചയിച്ചിരുന്നത്. |
| (ബി) | ആയതു പ്രകാരം യോഗ്യരായ എത്ര പേരുടെ അപേക്ഷ ലഭിച്ചു; ഇവരുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നോ; എങ്കിൽ ലഭ്യമാക്കുമോ; | (ബി) | ആകെ ലഭിച്ച 427 അപേക്ഷകരിൽ യോഗ്യരായ 186 പേരെ ഉൾപ്പെടുത്തി പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കമ്പ്യൂട്ടർ സെക്ഷനിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള യോഗ്യതയില്ലാത്ത എത്ര പേർ ജോലി നോക്കുന്നുണ്ട്; | (സി) | നിലവിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ ഡാറ്റാ എൻട്രി മാത്രം നടത്തുന്നതിനാൽ പ്രത്യേക യോഗ്യതയുള്ളവരുടെ ആവശ്യമില്ല. ആവശ്യമായ പരിശീലനം നൽകിയാണ് നിയമനം നടത്തുന്നത്. |
| (ഡി) | അദർ ഡ്യൂട്ടിയിലും, ദിവസവേതനത്തിലും എത്ര പേർ ജോലി നോക്കുന്നുണ്ട്; | (ഡി) | ട്രാൻസ്പോർട്ട് ഭവനിലെ കമ്പ്യൂട്ടർ സെക്ഷനായ ഇ.ഡി.പി. സെന്ററിൽ യു.പി.എസ്, പ്രിന്റർ എന്നിവയുടെ സർവ്വീസിനായി ഐ.ടി.ഐ യോഗ്യതയുള്ള 2 കണ്ടക്ടർമാരും ഒരു മെക്കാനിക്കും അദർ ഡ്യൂട്ടിയിൽ ജോലി നോക്കി വരുന്നു. ദിവസവേതന ജീവനക്കാരായി COPA (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്) പാസ്സായ 26 പേർ കെ.എസ്.ആർ.ടി.സി.യിൽ ജോലി നോക്കുന്നുണ്ട്. ഇതിൽ 3 പേർ ഇ.ഡി.പി.സി.യിൽ ജോലി നോക്കിവരുന്നവരാണ്. |

| | | | |
|---|---|---|---|
| (ഇ) | യോഗ്യതയില്ലാത്തവരെയും അദർ ഡ്യൂട്ടി, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും ഒഴിവാക്കി യോഗ്യതാ പട്ടികയിലുള്ളവരെ നിയമിച്ച് കമ്പ്യൂട്ടർ സെക്ഷനുകൾ കാര്യക്ഷമമാക്കുമോ? | (ഇ) | ഇ.ഡി.പി.സി.യിൽ ഡാറ്റാ എൻട്രി മാത്രമാണ് നടത്തുന്നത്. ആയതിലേയ്ക്ക് പ്രത്യേകിച്ച് കമ്പ്യൂട്ടർ യോഗ്യത ഒന്നും ആവശ്യമില്ല. ടി ജോലി ചെയ്യുവാൻ താൽപര്യമുള്ളവർക്ക് വേണ്ടത്ര പരിശീലനം നൽകിയാണ് നിയോഗിച്ചിട്ടുള്ളത്. കൂടാതെ, ടി സെക്ഷനിൽ B.Tech-ഉം MCA-യും യോഗ്യതയുള്ളവർക്കും ജോലി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ യോഗ്യതയുള്ളവരെ നിയോഗിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ തൽക്കാലം നിലവിലുള്ള ആരെയും മാറ്റി പുതുതായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്